# ഏലിയ സ്ലീവാ മൂശക്കാലം അഞ്ചാം ഞായർ

സാമൂഹിക നിയമങ്ങളെ ആദരിക്കുകയും ഈശോയുടെ ദൈവപുത്രത്വം പതിയെ ചുറ്റുമുള്ള മനുഷ്യർക്കൊക്കെ മനസ്സിലായി വരുന്ന ഒരു സമയം. അവന്റെ പരസ്യജീവിതത്തിന്റെ അവസാന പകുതിയിലാണ് ഈ സംഭവം.

1. **ക്രിസ്തു ദൈവമല്ലേ? നിയമത്തിന് അധീനനല്ലേ?**

സത്യമാണ്. ദൈവം ഭൗമിക നിയമത്തിന് അധീനനാണ്. മനുഷ്യാവതാരം ചെയ്ത ക്രിസ്തു ഭൂമിയിലെ നിയമങ്ങൾക്ക് അധീനൻ തന്നെയാണ്. ഭൗതിക നിയമങ്ങൾക്കതീതമായി പലപ്പോഴും അവൻ പ്രവർത്തിക്കുന്നുമുണ്ട്. പക്ഷേ...

- ജീവിച്ചിരുന്ന സമൂഹത്തിലെ നിയങ്ങളെ പൂർണ്ണമായി **ആദരിക്കുന്ന** ഈശോതമ്പുരാൻ
- അവയെ അവയുടെ പോരായ്മകളോടുകൂടി **അംഗീകരിക്കുന്ന** ഈശോമിശിഹാ
- സാമൂഹ്യനിയമങ്ങളെ അക്ഷരംപ്രതി **അനുസരിക്കുന്ന** ദൈവപുത്രൻ

2. **ക്രിസ്ത്യാനിക്ക് ക്രിസ്തു നല്കുന്ന പാഠമെന്താവും?**

- ജീവിക്കുന്ന ചുറ്റുപാടുകളെ അംഗീകരിക്കുക.
- സാമൂഹ്യ നിയമങ്ങളെ അവയുടെ പിഴവുകൾ ഉൾക്കൊണ്ടുതന്നെ അനുസരിക്കുക.
  - നികുതി കൃത്യമായി അടയ്ക്കുന്നത്.
  - ഹെൽമറ്റ്, സീറ്റ്ബെൽറ്റ്, ലൈസൻസ് തുടങ്ങിയ വാഹനനിയമങ്ങൾ പാലിക്കുന്നത്.
  - പൊതുമുതൽ ഭംഗിയായും വൃത്തിയായും സൂക്ഷിക്കുന്നത്.
  - പൊതു ജനങ്ങളുടെ വികാരങ്ങളെ മാനിക്കുന്നത്.
- നാടിന്റെ ജീവിതശൈലികളെ ആദരിക്കുക
  - നാട്ടുനടപ്പുള്ള വസ്ത്രധാരണം

- നാട്ടിൽ പതിഞ്ഞുപോയ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും അസ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള കാഴ്ച്ചപ്പാടുകൾ

- നാടിന്റെ നന്മ ലക്ഷ്യമാക്കുന്ന പൊതു പരിപാടികളിൽ പങ്കാളികളാവുക.
  - നിർമ്മാണ പ്രവർത്തനങ്ങൾ റോഡ്, കലുങ്ക് മുതലായവ
  - വായനശാലകളുടെ പ്രവർത്തനം
  - സാംസ്കാരിക മീറ്റിംഗുകൾ
  - ഘോഷയാത്രകൾ
  - പൊതുജനപങ്കാളിത്തത്തോടുകൂടി നടത്തുന്ന പ്രസ്ഥാനങ്ങൾ
  - പൊതുജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന സ്വീകരണയോഗങ്ങൾ

ജീവിക്കുന്ന സമൂഹത്തിന്റെ സ്പന്ദനമുൾക്കൊള്ളുന്നവനാണ് യഥാർത്ഥ സമൂഹജീവി. തീർച്ചയായും ക്രിസ്ത്യാനിയായതുകൊണ്ടോ എന്റെ ജീവിതസാഹചര്യങ്ങൾക്കൊണ്ടോ ഞാൻ സമൂഹത്തിൽനിന്ന് മാറിനില്ക്കേണ്ടവനല്ല. ഈശോയെപ്പോലെ സമൂഹത്തിലെ നിയമങ്ങളെയും ചട്ടങ്ങളെയും ആദരിക്കുന്ന പച്ചയായ മണ്ണിൽ ജീവിക്കുന്ന പച്ചമനുഷ്യനായി നമുക്ക് നമ്മുടെ ജീവിതങ്ങൾ തുടങ്ങാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**- ഫാ. അജോ രാമച്ചനാട്ട്**